പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4243 — 25.06.2014 ലെ മറുപടിക്ക്

## നെന്മാറ മണ്ഡലത്തിലെ സ്വയം പര്യാപ്തഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ വർഷം ഏറ്റെടുത്ത കോളനിയുടെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ പൂർത്തീകരിച്ചതെന്നും, ഇനി എന്തൊക്കെ പ്രവർത്തനമാണ് നടക്കാനുള്ളതെന്നും വിശദമാക്കുമോ; | (ബി) | നെന്മാറ നിയമസഭാ മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷം കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ പൂളപ്പറമ്പ് കോളനിയെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തിട്ടുണ്ട്. ബഹു.എം.എൽ.എ നിർദ്ദേശിച്ചതനുസരിച്ച് പാലക്കാട് നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.<br>റോഡ് നിർമ്മാണം, സൈഡ് കെട്ടി സംരക്ഷണം, ഡ്രെയിനേജ്, കിണർ റിപ്പയർ, കുടിവെള്ള പൈപ്പ് ലൈൻ, കുഴൽ കിണർ നിർമ്മാണം, വൈദ്യുതീകരണം എന്നീ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ കുഴൽ കിണർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കിണർ റിപ്പയർ, സൈഡ് പ്രൊട്ടക്ഷൻ, കോൺക്രീറ്റ് റോഡ് (17 മീറ്റർ) എന്നിവ ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, മോട്ടോർ ഷെഡ് നിർമ്മാണം എന്നിവ പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്.<br>2013-14 സാമ്പത്തിക വർഷം നെന്മാറ മണ്ഡലത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആണ്ടികളമ്പ് കോളനിയെ തെരഞ്ഞെടുക്കുകയും ബഹു. എം. എൽ. എ. നിർദ്ദേശിച്ച പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഗഡുവായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ വർഷം ഏറ്റെടുത്ത പട്ടികജാതി കോളനിയുടെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (സി) | ഈ വർഷം (2014-15) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി കോളനികളെ തെരഞ്ഞെടു ത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ